# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3907 21.10.2016 ൽ മറുപടിയ്ക്ക്**

## വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി

ചോദ്യം

**ശ്രീ.ആർ. രാജേഷ്**
**ശ്രീ.ആന്റണി ജോൺ**
**ശ്രീ.എ. എൻ. ഷംസീർ**
**ശ്രീ.പി.ടി.എ. റഹീം**

എ) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

മറുപടി

**ശ്രീ.വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി "ഹൈടെക് അഗ്രികൾച്ചർ പദ്ധതി" കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. കൃഷിഭൂമി വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്ന കേരളം പോലുള്ള സംസ്ഥാനത്ത് കൃഷി ചെയ്യുന്ന സ്ഥലത്തുനിന്നും പരമാവധി ഉത്പാദനം (ഉത്പാദന ക്ഷമതാ വർദ്ധനവ്) ലഭിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുസഹായിക്കുന്ന പോളീഹൗസ് കൃഷിയിൽ പോളീഹൗസ് നിർമ്മിക്കുന്നതിന് ആകെ ചെലവിന്റെ 75% സർക്കാർ ധനസഹായം നൽകുന്നു. പച്ചക്കറി വിളകൾ, പുഷ്പ കൃഷി എന്നിവയാണ് പ്രധാനമായും പോളീഹൗസിൽ കൃഷി ചെയ്യുന്നത്. ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചനത്തിലെ ആധുനിക രീതികളായ വിവിധ തരത്തിലുള്ള ഡ്രിപ്പ്, സ്പ്രിംഗ്ളർ ജലസേചനരീതികൾ സ്ഥാപിക്കുന്നതിനും അധിക സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് കൃഷിരീതികളായ മഴമറ (റെയിൻ ഷെൽട്ടർ) ഫെർട്ടിഗേഷൻ എന്നീ നൂതന കാർഷിക രീതികൾക്ക് ധനസഹായം നൽകി വരുന്നു. ഉല്പാദനക്ഷമത വർദ്ധനവും തദ്ധാര വിപണി ലക്ഷ്യമാക്കിയുള്ള കൃഷിയും പ്രസ്തുത കൃഷിരീതികൾ അവലംബിക്കുന്നതിലൂടെ സാധ്യമാകുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2016-17 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യം കൂടിയ പച്ചക്കറികൾ, ഓർക്കിഡ്, ആന്തൂറിയം, കാർണേഷൻ, ജെർബറ, റോസ്, ലില്ലി എന്നിവ കൃഷി ചെയ്യുന്നതിനും നടീൽ വസ്തുക്കളുടെ ചെലവിനും ധനസഹായം നൽകുന്നു.

ബി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ബി) 2016-17 വാർഷിക ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഹൈടെക് അഗ്രികൾച്ചർ | 290 |
| 2 | പച്ചക്കറി വികസന പദ്ധതി | |
| a | മഴമറ നിർമ്മാണം | 590 |
| b | കണിക ജലസേചനവും ഫെർട്ടിഗേഷനും | 400 |

2016-17 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2 ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപയും, നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ പോളീഹൗസുകൾ 8.75 ഹെക്ടറിൽ സ്ഥാപിക്കുന്നതിന് 493.56 ലക്ഷം രൂപയും, തണൽ വല 7 ഹെക്ടറിൽ സ്ഥാപിക്കുന്നതിന് 253.8 ലക്ഷം രൂപയും, 15 ഹെക്ടർ പോളീഹൗസുകളിൽ മൂല്യം കൂടിയ പച്ചക്കറികൾ, ഓർക്കിഡ്, ആന്തൂറിയം, കാർണേഷൻ, ജർബറ, റോസ്, ലില്ലി എന്നിവ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളുടെ വിലയും ഉത്പാദന ചെലവിനുമായി 170.8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ